



**സി.എം.എസ് ഹൈസ്കൂൾ, മുണ്ടക്കയം**

# ആമുഖം



കൂട്ടുകാരേ...,

അറിവിന്റെയും സർഗ്ഗവാസനകളുടെയും ഒത്തുചേരലായി മാറയുന്ന കാലത്തിനും, മറയുന്ന ഓർമ്മകൾക്കും മിടയിൽ ഒരു പുത്തൻ ഉണർവുമായി ചിതലരിക്കാത്ത അക്ഷരചിത്രങ്ങൾ കോരിയിട്ട കലാ ദീപം ഞങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുന്നു...



## പത്രാധിപ സമിതി

അക്സ ആൻ ജാൻസൻ

വിശാൽ വിജയകുമാർ

ഷിനോ റെജി ജോൺ

ആദം നഹാൻ പി.എം

സോന സാം

ജോസ്ന മരിയ

അലോന ആൻ ജോസഫ്











# താളുകൾ മറിക്കുമ്പോൾ

**സി. എം. എസ്. ഹൈസ്കൂൾ, മുണ്ടക്കയം - ചരിത്രം---**

**സ്കൂൾ പ്രവർത്തനങ്ങൾ----**

**ആയുധമാക്കു വായന--------**

**നവ കേരള സൃഷ്ടിക്കായ്--------**

**സ്നേഹം--------**

**കൂടപ്പിറപ്പുപ്പോലെയാം എൻ കൂട്ടുകാരി-------**

**മാ നിഷാദാ ..!**

**പ്രളയം------**

**കഥ:ഒരിക്കലും മായാത്ത ഓർമ്മയായി......**

**പെൻസിൽ പറഞ്ഞ കഥ-----**

**മഹനീയം, ഈ മത്സ്യബന്ധന തൊഴിലാളികൾ--**

**We are the one--**

**Conservation Of Energy---**

# മുണ്ടക്കയം സി.എം.എസ്.ഹൈസ്കൂൾ-ചരിത്രം



മുണ്ടക്കയത്ത് പാരമ്പര്യവും മഹിമയും അവകാശപ്പെടാവുന്ന ഒരു സ്ഥാപനമാണ് ആദ്യ വിദ്യാഭ്യാസ കേന്ദ്രം കൂടിയായ സി.എം.എസ്.ഹൈസ്കൂൾ.ഇവിടേക്ക് കടന്നു വന്ന പാശ്ചാത്യമിഷനറിമാർ ക്രിസ്തുമതപ്രചാരണവും അതുപോലെ വിദ്യാഭ്യാസപുരോഗതിയും ലക്ഷ്യമാക്കി പ്രവർത്തിച്ചു.ഇവിടെ എത്തിയ ഹെന്റി ബേക്കർ ജൂണിയർ മുണ്ടക്കയത്ത് ഒരു സ്കൂൾ സ്ഥാപിക്കുന്നതിന് ചിന്തിക്കുകയും 1849-ൽ അതിനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തു.അതിനായി ഘോരവനങ്ങളും വന്യജീവികളും ആദിവാസി മലഅരയന്മാരും മാത്രമുള്ള ഇവിടെ ചുറ്റിനടന്ന് മണിമലആറിന്റെ തീരത്തു വന്നു.ആ പ്രദേശത്തെ വനം വെട്ടിത്തെളിച്ച് ഒരു ദേവാലയം കാട്ടുകല്ലും പുല്ലും മുളയും കൊണ്ട് നിർമ്മിച്ചു.കളരിയും അതിൽ തന്നെ അരംഭികുച്ചു.അക്ഷരാഭ്യാസ പ്രവർത്തനങ്ങളും നടത്തി.

ബേക്കർ മിഷനറിക്കു ശേഷം ഇവിടെയെത്തിയ ഹെന്റിലോറൻസ് ആറിനക്കരെയായിരുന്ന സ്കൂൾ സൗകര്യാർത്ഥം മുണ്ടക്കയത്തേക്ക് മാറ്റി,സി.എസ്.ഐ,പള്ളിയുടെ താഴെയുള്ള സ്ഥലത്ത് സ്ഥാപിച്ചു.

ഇംഗ്ലീഷ് വിദ്യാഭ്യാസമായിരുന്നു അടുത്ത ലക്ഷ്യം.മുള,പുല്ല്,കാട്ടുകല്ല്,കമ്പ് ഇവ ഉപയോഗിച്ച് കെട്ടിടം പണിതു.ക്ലാസ്മുറികളും കെട്ടിടവും ശരിയല്ലെന്നും ശവക്കോട്ടയുടെ അടുത്തായതുകൊണ്ടും അംഗീകാരം കിട്ടുവാൻ സാദ്ധ്യമല്ല എന്ന കാരണത്താൽ ഇന്ന് ഹൈസ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു. അങ്ങനെ 1920-ൽ കെട്ടിടം പണിത് ആദ്യത്തെ ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആരംഭിച്ചു.

# സ്കൂൾ പ്രവർത്തനങ്ങൾ

## എസ്.പി.സി





## ലിറ്റിൽ കൈറ്റ്സ്





## ജൈവകൃഷി







# പ്ലാസ്റ്റിക്ക് പുനരുപയോഗം








കലാദീപം


# ചിത്രരചന








## കലാദീപം







## യോഗാ






ന

## ഭക്ഷ്യദിനം






## ജലസംരക്ഷണം



# കായിക മേള / കലോത്സവം





# പ്രിയ ചാച്ചാജി

# അങ്ങയെ

# ഓർക്കുമ്പോൾ

ശിശുദിനം വന്നെത്തിയതിൽ ഞങ്ങൾ അതിയായി സന്തോഷിക്കുന്നു. ഹൃദയത്തിൽ വാത്സല്യവും ചുണ്ടിൽ പുഞ്ചിരിയും മാറത്ത് റോസാപ്പൂവുമായി അങ്ങ് ജീവിച്ച കാലം ഇന്നും മായാതെ നിന്നെങ്കിൽ ആശിക്കുകയാണ്

ഭാരതമാതാവിനെ നെഞ്ചിലേറ്റി തേര തെളിക്കാൻ അങ്ങും ഗാന്ധിജിയും കാണിച്ച മനോധൈര്യം കുട്ടികളായ ഞങ്ങളിൽ ഇപ്പോഴും അഭിമാനം ഉളവാക്കുന്നു.

ഞങ്ങളോടും അങ്ങും എ.പി.ജെ അബ്ദുൾ കലാമും കാണിച്ചിരുന്ന സ്നേഹം പുതിയ ഒരു ഇന്ത്യയെ സൃഷ്ടിക്കാൻ ഞങ്ങൾക്ക് പ്രചോദകമാണ്.

നീതി നിഷേധിക്കപ്പെട്ടവരും, അസമത്വങ്ങൾ അനുഭവിക്കുന്നവരും , നിത്യേന രാജ്യത്തിന്റെ വിവിധ കോണുകളിൽ അരങ്ങേറുന്ന ലൈംഗികാതിക്രമങ്ങളിൽ മനം മടുത്തവരുമാണ് ഞങ്ങൾ. വെള്ളക്കാരുടെ അതിക്രമങ്ങൾക്കെതിരെ അങ്ങും കൂട്ടം പോരാടി നേടിയെടുത്ത സ്വാതന്ത്ര്യം ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

കച്ചവട താൽപ്പര്യങ്ങൾക്കനുസരിച്ച് പഠന പദ്ധതികൾ തീരുമാനിക്കുന്നു. ഒട്ടേറെ വിദ്യാർത്ഥികൾ അധ്യാപകരാൽ പീഡിപ്പിക്കപ്പെടുന്നു എന്ന വാർത്ത പത്രകോളങ്ങളിൽ നിറയുന്നു. ഇക്കാലത്തെ ഞങ്ങളുടെ ജീവിതം താങ്കളുടെ സങ്കൽപ്പത്തിൽനിന്ന്


എത്രയോ അകലെയാണ്.

നിനക്ക് നിന്റെ സുഹൃത്തിന് നൽകാൻ പറ്റുന്ന ഏറ്റവും നല്ല സമ്മാനം പുഞ്ചിരിയാണെന്ന് അരുളിയ മുഹമ്മദ് നബിയുടെയും നിന്നെപ്പോലെ നിന്റെ അയൽക്കാരെയും സ്നേഹിക്കുക എന്നു പറഞ്ഞ യേശുവിന്റെയും ഗുരുവിനെ ദൈവസ്ഥാനത്ത് കാണണമെന്ന ഉപനിഷത്തുകളുടേയും ആശയങ്ങളിൽ നിന്ന് ഇന്നത്തെ ലോകം തെന്നിമാറിയിരിക്കുന്നു.

പ്രിയ ചാച്ചാജി.... ഞങ്ങൾ ഇന്നിന്റെ മക്കളാണ് നീതി നിഷേധങ്ങൾ ഇനിയും ഉണ്ടാകാതിരിക്കാൻ അങ്ങ് ഞങ്ങളിൽ ഉണ്ടാകേണ്ടതുണ്ട്. താങ്കൾ ഞങ്ങളുടെ സ്വപ്നങ്ങളിലെ മാലാഖയായി കൂടെയുണ്ടാകുമെന്ന് ഞങ്ങൾ വിശ്വസിക്കട്ടെ.

സാമ്രാജ്യത്തിന്റെ പിടിയിൽ നിന്നും ഭാരതമാതാവിനെ രക്ഷിക്കാൻ ഒരു വഴികാട്ടിയായി മുമ്പേ നടന്ന അങ്ങയെ പ്രതി ഞങ്ങൾ പ്രതിജ്ഞയെടുക്കുന്നു. ഒരു പുതിയ ഇന്ത്യക്കു വേണ്ടി ഞങ്ങൾ പരിശ്രമിക്കും. ഇതായിരിക്കും ഈ ശിശുദിനത്തിൽ അങ്ങേക്ക് നൽകാവുന്ന ഏറ്റവും നല്ല വാഗ്ദാനം! ഏറ്റവും നല്ല സമ്മാനവും!


സോനു സാം 9A



## ആയുധമാകും വായന

വായിച്ചാൽ വളരും വായിച്ചില്ലെങ്കിലും വളരും വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും എന്ന കുഞ്ഞുണ്ണിമാഷിന്റെ കവിത കേൾക്കാത്ത മലയാളികളില്ല.പതിനഞ്ചാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ജൊഹന്നാസ് ഗുട്ടൻബർഗിന്റെ അച്ചടിയന്ത്രം വികസിപ്പിച്ചെടുത്തതോടെ പുസ്തകങ്ങളും അവയിലൂടെ പ്രചരിച്ച അറിവുകളും ആശയങ്ങളുമൊക്കെ ലോകത്തിന്റ ഗതിവിഗതികളെ മാറ്റിമറിച്ചു.ആശയമ്പന്നത്തിന് നിരവധി മാർഗങ്ങൾ ഉണ്ടെങ്കിലും വായനയിലൂടെ ലഭിക്കുന്ന ആനന്ദം ഒന്നു വേറെതന്നെയാണ്.വായന കൊണ്ടുള്ള പ്രയോചനങ്ങളും അതിന്റെ പ്രസക്തിയും പ്രചരിച്ചിരുന്ന ആളാണ് ഇംഗ്ലീഷ് എഴുത്തുകാരനായ ജോസഫ് ആഡിസൺ.

ശരീരത്തിന് വ്യായാമമെന്നതുപോലെ മനസ്സിന്റെ വ്യായാമമാണ് വായന.ഒരു നല്ല ജീവിതം നയിക്കാൻ ആവശ്യമായ അടിസ്ഥാനപരമായ ഒന്നാണ് വായന.എന്ത് വായിക്കുന്നു എന്നതാണ് പ്രാധാന്യം.വായന ഒരുവനെ പൂർണനാക്കുന്നു.വായനയിലൂടെ പുത്തൻ സംസ്കാരിക മൂല്യങ്ങൾകെട്ടിപ്പെടുക്കാൻ വിദ്യാർത്ഥികളായ ഓരോരുത്തർക്കും പ്രയോചനമാണ്.



ജോസ്ന മരിയ
VIII A




# നവ കേരള സൃഷ്ടിയ്ക്കായ്

ഷിനോ റെജി ജോൺ

# സ്നേഹം



സ്നേഹത്തിന് പര്യായം എന്തുണ്ട് പാരിൽ.....
സ്നേഹമാണഖില സാരം മൂഴിയിൽ......
എത്ര കവികൾ വാഴ്ത്തിപ്പാടിയിരിക്കുന്നു
ജനിച്ചുവീഴുമീ ഉണ്ണിതൻ ചുണ്ടിൽ....
വിരിയുന്ന സ്നേഹത്തിൻ ഒരായിരം പുഞ്ചിരി.
താരാട്ടുപാട്ടുമീ അമ്മതൻ വാമൊഴി...
പാടുന്ന സ്നേഹത്തിനോരായിരം പാട്ടുകൾ.
സ്നേഹത്തിന് പര്യായം എന്തുണ്ട് പാരിൽ ?

സോന സാം
VII B




## കൂടപ്പിറപ്പുപ്പോലെയാം എൻ കൂട്ടുകാരി

*കൂട്ടുകൂടാനായെന്റെ കൂട്ട തേടിയണഞ്ഞൊരു*
*കൂടപിറപ്പുപോലെയാം എൻ കുഞ്ഞാറ്റക്കിളി...*
*കാറ്റിനോട്ട കഥ ചൊല്ലിയും കടലിനോട് കളിപറഞ്ഞും,*
*കാടായകാട്ടം മേടയാമേട്ടം തലോടിയെത്തി നീ..*
*കണ്ണിപൊത്തി കളിച്ചും മണ്ണപ്പം ചുട്ടുകളിച്ചും*
*നിഴലായി രക്ഷകിയായി കൂടെനിന്നും നീ..*
*കരയുമ്പോൾ കൂടെ ചിരിക്കാൻ നീയെന്നരികിൽ....*
*കണ്ണിൽ കണ്ണിൽ കണ്ണാടിപോൽ നാം നോക്കി*
*തമ്മിൽ തമ്മിൽ നാം ദുഃഖവും സന്തോഷവും പങ്കിട്ടു..*
*ഒട്ടവിൽ അങ്ങിങ്ങുമായുമോ നീയൊരിക്കൽ*
*അലഞ്ഞീട്ടം ഞാൻ കൂടില്ലാപക്ഷിപോൽമാനമെങ്ങും......*
*എന്തുഭാഗ്യമുള്ളവർ നാം ഇങ്ങനെ ഒരുമിക്കുവാൻ.. ദൈവം*
*ഒരുക്കിയ നല്ലൊരു ഭാഗ്യമിതെടോ..*
*അടുത്തജന്മം ഉണ്ടെങ്കിൽ നമുക്കിതുപോലെയെടോ..*
*ഒരുമിക്കണം ഓർക്കൻ ഒരിക്കലെങ്കിലും.......!*

*മീര തോമസ്*
*X B*

# മാ നിഷാദാ ..!

മാ നിഷാദാ.... അരുത് കാട്ടാളാ...
നിൻ കരളമാം കൈതണ്ടു
പതിയരുതീ കുരുന്നിന്നമേൽ
തകർക്കരുതീ കുഞ്ഞിന്റെ ബാല്യം.....
നിൽക്കൂ..... നിൻ കൈപ്പടിയിൽ
ഞെരിക്കാതിരിക്കുക ഇവരുടെ ജന്മം.
ആരുമില്ലേ ഇവിടെ ചോദിക്കാൻ തടയുവാനും?
ഇന്ന ലജ്ജയിൽ മുഖം താഴ്ത്തി
നിൽക്കയല്ലാതെന്തിന്ന കഴിയും?
എന്തേ കുഞ്ഞേ,നീയെന്തേ ഇങ്ങനെ
നിൽക്കുന്ന കളിക്കാനമെന്തേ പോകാത്തു
ചിരിക്കാന മെന്തേ നിൽക്കാത്തു...പുസ്തകത്തിൻ
വർണ്ണലോകത്തിൽ എന്തേ നീ പാറിനടക്കാത്ത-
തെന്തേ കൈയിൽ ഈ പണിയായുധങ്ങൾ
ഏന്തി നീ........?

അരുത് കാട്ടാളാ....വേണ്ട നീയെന്തി-
നാണിങ്ങനെ നീ........
തുറന്ന വിട്ടു ഈ പൈതലുകളെ
സ്വാതന്ത്ര്യവും സന്തോഷവും
കളിയും ചിരിയും നിറഞ്ഞിലോകത്തിലേക്ക്
അരുത് കാട്ടാളാ..... ഞെരിക്കല്ലേ നീ ഈ
സ്വപ്നത്തെ...........
അരുത് കാട്ടാളാ...... മാ നിഷാദാ.....



അശ്വതിമോൾ സുദർശനൻ
X A



## പ്രളയം

*റിനോ റെജി ജോൺ*

## കഥ:ഒരിക്കലും മായാത്ത ഓർമ്മയായി......

*ഉഷസിന്റെ വരവ് മുഖം കറുപ്പിച്ച് നോക്കി നിൽക്കുന്ന ആകാശം.അവിടെ ഒരു വീട്ടു മാത്രം*

*വേർപ്പെട്ടു നിൽക്കുന്ന സ്ത്രീകളുടെ കൂട്ടക്കരച്ചിലും ആളുകളുടെ കൂട്ടവുമൊക്കെയാണ് അതിനെ വേർപ്പെടുത്തിയത് അച്ഛന്റെ മൃതശരീരത്തിന് ചുറ്റുമിരുന്ന അമ്മയും മറ്റും ബന്ധുക്കളും കരയുമ്പോഴും ഞാൻ എല്ലാത്തിനും കാഴ്ചയാകുകയാണ് ഉണ്ടായത്.*

*രാത്രിയവസാനിക്കാനായി എന്റെ മനസ്സിൽ കുന്നുകൂടിയ അച്ഛന്റെ ഓർമ്മ മായാതെ ഹൃദയത്തിൽ കിടന്ന് വിതുമ്പുകയാണ്. "ഇനി ഞങ്ങൾക്ക് ആരുണ്ട് "എന്ന അമ്മയുടെ പൊട്ടിക്കരച്ചിലിന്റെ അർത്ഥം എനിക്ക് മനസ്സിലായി.ഇനി ഞങ്ങൾക്ക് ആരാണുള്ളത് അച്ഛൻ ഞങ്ങളെ വിട്ട് പൊയ്ക്കഴിഞ്ഞിരിക്കുന്നു എന്ന യാഥാർത്ഥ്യം ഞാൻ ഉൾകൊണ്ടു.*

*അച്ഛൻ വീട്ടിലുള്ള ദിവസങ്ങൾ ഞങ്ങൾക്ക് ആഘോഷമായിരുന്നു.അച്ഛൻ ഞങ്ങളെ ഒരുപാട് സ്നേഹിച്ചിരുന്നു.അച്ഛൻ ഞങ്ങളെ വീട്ടിലിരുത്താതെ ഓരോ സ്ഥലങ്ങളിലും കൊണ്ട്പോയി കാണിക്കും.അച്ഛൻ എന്റെ ഓരോ ചെറിയ ചെറിയ ആഗ്രഹങ്ങൾക്കും വാശികൾക്കും കൂട്ടുനിൽക്കും.അമ്മയെന്ന സത്യത്തെക്കാൾ ഞാൻ സ്നേഹിച്ചത് അച്ഛനെന്ന യാഥാർഥ്യത്തെയാണ്.എന്നാൽ കാലം അച്ഛനെ മായിച്ചുകളഞ്ഞുകൊണ്ട് ഞങ്ങളുടെ സന്തോഷകരമായ ജീവിതത്തിൽ ഒരു വലിയ വിള്ളൽവരുത്തുകയാണ് ചെയ്തത്.*


*പെട്ടെന്ന് എന്റെ കണ്ണ് അച്ഛന്റെമേൽ പതിഞ്ഞു.തടിച്ചുകൂടിയ ആൾക്കൂട്ടത്തിനിടയിലും ശാന്തമായി ഉറങ്ങുകയായിരുന്ന അച്ഛൻ. അച്ഛന്റെ നെഞ്ചിൽ ചാരികിടന്ന ദിനങ്ങൾ,ഓരോന്നിനും മനസ്സിൽ ഒരു നീറ്റൽപ്പോലെ പൊക്കൊണ്ടിരിക്കുന്നു.*

*അച്ഛൻ ഉണ്ടായിരുന്നപ്പോഴെല്ലാം വീട്ടിൽ കളിയും ചിരിയുമായിരുന്നു.വീടുകളിൽ ചിലപ്പോഴെങ്കിലും ചെറിയ വഴക്കുകൾ ഉണ്ടാകാറുണ്ട് .എന്നാൽ,ഞങ്ങളുടെ ഇടയിൽ അതുമില്ലായിരുന്നു.ഉള്ള സമയം ഞങ്ങൾ പരസ്പരം സ്നേഹിക്കുകയാണ് ചെയ്തത്.അമ്മ എപ്പോഴും പറയും അച്ഛൻ വന്നാൽ പിന്നെയാണ് നിനക്ക് ഇത്ര വാശിയെന്ന്. എന്നാൽ,ഞാനും അച്ഛനും അതിനു മറുപടി പറയാതെ കളിച്ചു കൊണ്ടിരിക്കുകയായിരിക്കും. അച്ഛൻ വെള്ളിയാഴ്ച്ചയാണ് വീട്ടിലെത്തിച്ചേരുന്നത് അന്ന് അച്ഛൻ വരുന്നത് നോക്കി കുറേ സമയം ഞാനും അമ്മയും ഇരിക്കും.അച്ഛൻ എത്തുമ്പോഴേക്കും ഞാൻ അച്ഛന്റെ തോളിൽ ചാടികയറിയിരിക്കും.അപ്പോൾ അച്ഛൻ എന്റെ കവിളിൽ ഒരു ഉമ്മ തരും അത് ഈ നിമിഷവും എനിക്ക് അനുഭവപ്പെടുന്നു.*

*ബന്ധുക്കളെല്ലാം അമ്മയുടെ ചിറ്റും കൂടി ആശ്വസിപ്പിക്കുകയാണ്. അമ്മയ്ക്ക് ധൈര്യം കൊടുക്കുകയാണ്.എന്നാൽ, അവർക്ക് അറിയില്ലല്ലോ ഞങ്ങളുടെ ജീവന്റെ പാതിയാണ് നഷ്ടപ്പെട്ടതെന്ന്. അപ്പോഴും ആ കൂട്ടനിലവിളിക്ക് മുൻപിലും ഉയരത്തിൽ ആവർത്തിക്കുന്നത് "ഇനി ഞങ്ങൾക്ക് ആരുണ്ടെന്ന"ുള്ള അമ്മയുടെ ആ ചോദ്യമാണ്. ഇനി എന്നെ പേരു ചൊല്ലി വിളിക്കാൻ ആരുണ്ടെന്നുള്ള വേദനയാണ്.*

*അശ്വതി ബിജു*
*X B*

# പെൻസിൽ പറഞ്ഞ കഥ



ഒരിടത്ത് അനു എന്ന ഒരു പെൺകുട്ടിയുണ്ടായിരുന്നു.ഇന്ന് അവൾക്ക് സന്തോഷകരമായ ഒരു ദിവസമായിരുന്നു.കാരണം എന്തെന്നാൽ ഇന്ന് അവളുടെ പിറന്നാളായിരുന്നു.അവൾക്ക് എമിലി ആന്റി പിറന്നാളിന് ഒരു പെൻസിൽ സമ്മാനമായി കൊടുത്തു.ഏഴുവർണ്ണങ്ങളാലും തിളങ്ങിയ ആ പെൻസിൽ അവൾക്ക് ഒരുപാട് ഇഷ്ടമായി.അവൾ പെൻസിലുമായി സ്കൂളിൽ പോയി.കൂട്ടുകാർക്കും ആ പെൻസിൽ ഇഷ്ടമായി.അവൾ അതുകൊണ്ട് എഴുതാൻ തുടങ്ങിയപ്പോൾ പെട്ടെന്ന് ഒരു ശബ്ദം കേട്ടു- കൂട്ടുകാരേ ഞാനാണ് നിങ്ങളുടെ പുതിയ കൂട്ടുകാരൻ, ഞാനൊരു കാട്ടിൽ സന്തോഷത്തോടെ മരമായി ജീവിക്കുകയായിരുന്നു.എന്റെ ചില്ലകളിൽ പക്ഷികൾ കൂടൊരുക്കി അവയുടെ മധുരമായ ഗാനം എന്നിൽ സന്തോഷമുള്ളവയാക്കി.

അങ്ങനെയിരിക്കെ ഒരു ദിവസം ഒരു മരം വെട്ടുകാരൻ ഞങ്ങളുടെ കാട്ടിൽ എത്തി. അയാൾ എന്നെയും എന്റെ കൂട്ടുകാരെയും കഷ്ണങ്ങളാക്കി.എന്നിട്ട് അറക്കമില്ലിൽ കൊണ്ടുപോയി മിനുസമുള്ള മിഷിയനിൽ കയറ്റി പലരൂപങ്ങളാക്കി പിന്നീട് പാക്ക് ചെയ്ത് കടയിൽ എത്തിച്ചു.എനിക്ക് വളരെയധികം സങ്കടമായി.എന്നാൽ ഇപ്പോൾ നിങ്ങളെ കണ്ടപ്പോൾ സന്തോഷമായി.പെൻസിൽ തന്റെ കഥ പറഞ്ഞ് കരയാൻ തുടങ്ങി .

കുട്ടികൾ പെൻസിലിനെ ആശ്വസിപ്പിച്ചു.പെൻസിലിന്റെ കഥ കേട്ട ശേഷം അവർക്ക് ഒരുപായം തോന്നി.ഈവരുന്ന പരിസ്ഥിതി ദിനത്തിന് നമുക്ക് വൃക്ഷതൈകൾ നട്ടുപിടിപ്പിക്കാം.അത് നമ്മുടെ നാടിന് തണലേകണം,ആരും അത് വെട്ടിനശിപ്പിക്കരുത്.

*അതുല്യ രാജേഷ് VII B*



# മഹനീയം, ഈ മത്സ്യബന്ധന തൊഴിലാളികൾ

ഷിനോ റെജി ജോൺ

# We are the one



We are The One
We make Our World
a beautiful ;Wonderful
world of us

We are the World
We chase Our dream
Without Don't looking back
And Never give up .

We are the One
We have a journey the
Journey That will Never end!

We are the Past,We are the present
We are the future
because
We are the One

Aksa P.T
X.A.

# Conservation

# Of Energy

*Energy supplies can be extended by conservation or planned management of currently available resources . There are three types of energy conservation practices . The first is curtailment doing without . For example cutting back on travel – to reduce the amount of gasoline burned . The second is overhaul ,changing the way people live and the way goods and services are produced . For example slowing further urbanization of society by using less energy intensive materials in production process and decreasing the amount of energy consumed by certain products such as cars. The third type is most efficient use of energy ,adjusting to higher energy costs . An example is investing in cars that go further per gallon or insulating houses societies most commonly adopt this option because it requires less drastic changes in lifestyle.*

*Increased energy efficiency helps the world energy balance, and productive conservation is no less an energy alternative than the energy sources. Substantial energy saving began to occur in the united state in 1970s.when the federal government imposed a nationwide authomobile efficiency standard and offered tax deductions for insulating houses an installing solar energy panel.*

*Some obstacles stand in the way of coserving energy .It requires hundreds of millions of people to do routine things such as turning off lights and keeping tires properly inflated .also the price of energy is very high . Low energy prices makes it difficult to convince people to invest in energy efficiency. Over time improvements in energy efficiency more than pay for themselves*

Aiswarya Maheshkumar

*X.A*


C.M.S.HIGH SCHOOL MUNDAKAYAM.